കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- തൃശ്ശൂർ ജില്ല-മണലൂർ ഗ്രാമ പഞ്ചായത്ത്- വ്യാവസായികപരിശീലന വകുപ്പിന് സ്ഥലം വിട്ടുകൊടുക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ (സാധാ)നം. 965/2013/തസ്വഭവ                തീയതി, തിരുവനന്തപുരം    9-4-2013

---

പരാമർശം: 1)മണലൂർ ഗ്രാമ പഞ്ചായത്തിന്റെ 13/10/2011 ലെ 508/11 നമ്പർ തീരുമാനം

2)മണലൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 16/7/2012 ലെ സി3 333/09 നമ്പർ കത്ത്

3) പഞ്ചായത്ത് ഡയറക്ടറുടെ 05/01/2003 ലെ സി2 10518/12 നമ്പർ കത്ത്

**ഉത്തരവ്**

മണലൂർ ഐടിഐ താൽക്കാലികമായി പ്രവർത്തിക്കുന്ന മണലൂർ ഗ്രാമ പഞ്ചായത്ത് വക കാരമുക്ക് വില്ലേജ് സർവെ 492/1, 497/1,497/2,500/1 ൽപ്പെട്ട 50 സെന്റ് സ്ഥലവും അതിലുള്ള യഥാക്രമം 123, 3000 ച.മി വിസ്തീർണത്തിലുള്ള രണ്ട് കെട്ടിടങ്ങളും മണലൂർ ഐടിഐ പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി വ്യാവസായികപരിശീലന വകുപ്പിന് വിട്ടുകൊടുക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിച്ച് പരാമർശം (2) പ്രകാരം മണലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാർ അനുമതിക്കായി അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.മണലൂർ ഐടിഐ താല്ക്കാലികമായി പ്രവർത്തിച്ചുവരുന്ന കാരമുക്ക് വില്ലേജ് സർവെ 492/1, 497/1,497/2,500/1 ൽപ്പെട്ട 50 സെന്റ് സ്ഥലവും അതിലുള്ള യഥാക്രമം 123, 3000 ച.മി വിസ്തീർണത്തിലുള്ള രണ്ട് കെട്ടിടങ്ങളും മണലൂർ ഐടിഐയ്ക്കുവേണ്ടി വ്യാവസായികപരിശീലന വകുപ്പിന് വിട്ടുകൊടുക്കുന്നതിന് മണലൂർ ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എ.ആർ.സുരേശൻ

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ,ലോക്കൽ ഫണ്ട്, തിരുവനന്തപുരം

ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ എ.ജി(ഓഡിറ്റ്) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ എ.ജി(എൽബിഎ&എ) കേരള, തിരുവനന്തപുരം

സെക്രട്ടറി, മണലൂർ ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ 680613

ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.